**ഗെയിൻ പി എഫ് URGENT**

ഗെയിൻ പി.എഫ് വഴി പി.എഫ് ക്ലോഷർ, അഡ്മിഷൻ എന്നിവ ഓൺലൈൻ വഴിയാക്കുന്നതിന്റെ ഭാഗമായി Loan Processing, Closure Porcessing, Admission Processing എന്നിവ Processing എന്ന ഒറ്റ മെനുവിനു കീഴിലേക്കാക്കി മാറ്റിയിട്ടുണ്ട്. ഇനി മുതൽ ലോണുകൾ, ക്ലോഷറുകൾ, അഡ്മിഷനുകൾ എന്നിവ പാസാക്കുന്നതിന് Processing മെനുവിൽപോയി Processing ചെയ്യേണ്ടതാണ്. Loan Processing ന് ഓരോ ലെവലിലുള്ള ഉദ്യോഗസ്ഥനും സെറ്റ് ചെയ്യുന്ന അതേ മെനുകൾ തന്നെ Closure Processing, Admission Processing എന്നിവയിലും എത്രയും പെട്ടെന്നു തന്നെ സെറ്റ് ചെയ്യേണ്ടതാണ്. സ്ക്കൂൾ എച്ച്.എം ന് **Scrutiny, Verification**, എ.ഇ.ഒ ഓഫീസിൽ ക്ലാർക്കിന് Scrutiny, സീനിയർ സൂപ്രണ്ടിന് Verification, എ.ഇ.ഒ വിന് Approval ഡി ഇ ഒ ഓഫീസിൽ ക്ലാർക്കിന് Scrutiny, പി.എഫ് ജൂനിയർ സൂപ്രണ്ടിന് Verification, പി.എ ടു ഡി.ഇ.ഒ വിന് Approval ഡി.ഇ.ഒ വിന് HOD Approval എ.പി.എഫ്.ഒ ഓഫീസിൽ ക്ലാർക്കിന് AO Scrutiny, ജൂനിയർ സൂപ്രണ്ടിന് AO Verification, സീനിയർ സൂപ്രണ്ടിന് AO Approval എ.പി.എഫ്.ഒ വിന് AO HOD Approval എന്നിങ്ങനെ മെനുകൾ എത്രയും പെട്ടെന്നു തന്നെ സെറ്റ് ചെയ്യേണ്ടതാണ്. അതായത് മെനു മാനേജ്മെന്റ് മെനു സെറ്റ് ചെയ്ത ഐ.ഡി യിൽ നിന്നും Menu Management(O) തുറന്ന് അതിൽ അവസാനത്തായുള്ള Processing ും അതാത് ഉദ്യോഗസ്ഥരുടെ ഐ.ഡി യിൽ സെറ്റ് ചൈയ്യാൻ മുകളിൽ നിർദ്ദേശിച്ച ആവശ്യമായ മെനുകളും ടിക്ക് ചെയ്ത് Set Menu മെനു ക്ലിക്ക് ചെയ്ത് മെനുകൾ സെറ്റ് ചെയ്യേണ്ടതാണ്. Processing ലെ അതാത് ഉദ്യോഗസ്ഥരുടെ ഐഡി യിൽ സെറ്റ് ചെയ്യുന്നതിന് നിർദ്ദേശിച്ച മെനുകളല്ലാതെ മറ്റ് മെനുകൾ സെറ്റ് ചെയ്യാൻ പാടില്ലെന്ന് നേരത്തേ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ചില ഓഫിസുകളിൽ ക്ലാർക്കുമാരുടെ ഐ.ഡി യിൽ തന്നെ എല്ലാ ഉദ്യോഗസ്ഥരുടേയും മെനുകളും സെറ്റ് ചെയ്തതിനാൽ ക്ലാർക്ക് ലോൺ പാസാക്കിയ രീതിയിൽ ലോൺ സാങ്ക്ഷൻ ഉത്തരവ് സൈറ്റിൽ വരികയും ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൃത്യമായ മെനുകൾ സെറ്റ് ചെയ്യാതെ ലോണുകൾ പി.എഫ് വരിക്കാർക്ക് ലഭിക്കാതെ വന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഓഫീസുകളിലെ Menu Management Menu കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കായിരിക്കും.

Vinoy Chandran R, State Nodal Officer, GAIN PF vcrkottaram@gmail.com